പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 302 — 23/01/2018-ൽ മറുപടിക്ക്

## ഹൃദ്യം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ഹൃദ്യം പദ്ധതി നടപ്പിലാക്കി തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ; | എ) | തുടങ്ങിയിട്ടുണ്ട്. |
| ബി) | പ്രസ്തു പദ്ധതിയുടെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും വിശദീകരിക്കാമോ; | ബി) | കുട്ടികളിലെ ജന്മനായുള്ള ഹൃദ്രോഗം തീർത്തും ചികിത്സിച്ച് ഭേദമാക്കാവുന്ന ഒന്നാണ്. എന്നാൽ രോഗം യഥാസമയം കണ്ടെത്താനും, അഥവാ ക ണ്ടെത്തിക്കഴിഞ്ഞ് കൃത്യമായ സമയത്ത് ശസ്ത്രക്രിയ നടത്താനും, സാധിക്കുന്നില്ല, മാത്രമല്ല വലിയൊരു വിഭാഗം കുട്ടികൾക്കും തുടർ ചികിത്സ ആവശ്യമാണ്, എന്നാൽ പ്രാഥമിക ചികിത്സ കഴിഞ്ഞ് മിക്ക കുട്ടിക ളും തുടർ ചികിത്സയ്ക്ക് വിധേയരാകുന്നില്ല. ഇക്കാരണങ്ങളാൽ ഹൃദ്രോഗം മൂലമുള്ള മരണനിരക്ക് ക്രമാനുഗതമായി വർദ്ധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതിൽ രോഗം ക ണ്ടെത്താൻ സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും, കൃത്യസമയത്ത് ശസ്ത്രക്രിയ ചെയ്യുന്ന, കൃത്യമായി തുടർപരിശോധനകൾ ചെയ്യുന്ന കുട്ടികളുടെ എണ്ണം പരിമിതമാണ്. ഇത്ത രത്തിൽ കുട്ടികളെ കൃത്യമായി നിരീക്ഷിക്കാനും അവരുടെ അസുഖത്തിന്റെ തോത് അനുസരിച്ച് യഥാസമയം ശസ്ത്രക്രിയ നടത്താനും സാധിക്കുന്ന തരത്തിലാണ് ഹൃദ്യം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് |
| സി) | പ്രസ്തുത പദ്ധതിക്കായി വരുന്ന അധികചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ; | സി) | പദ്ധതി നടത്തിപ്പിന് 10 കോടി രൂപയോളം അധികചെലവ് വേണ്ടിവരുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | ഈ പദ്ധതി ഏതെല്ലാം ജില്ലകളിൽ ഏതൊക്കെ ആശുപത്രികളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ഡി) | പദ്ധതി പ്രകാരം ജന്മനായുള്ള ഹൃദ്രോഗം അഥവാ CHD എന്ന അസുഖത്തിന് ചികിത്സയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ശ്രീ ചിത്ര ആശുപത്രി വഴിയും പദ്ധതി നടന്നുവരുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃത, ആസ്റ്റർ, ബെലിവേഴ്സ് ചർച്ച് ആശുപത്രി, തിരുവല്ല എന്നീ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. |
| ഇ) | പ്രസ്തുത പദ്ധതിയിൽ ഇനി ഏതെല്ലാം ആശുപത്രികളെ ഉൾപ്പെടുത്തുമെന്ന് വ്യക്തമാക്കാമോ? | ഇ) | തീരുമാനം കൈക്കൊണ്ടിട്ടില്ല |

സെക്ഷൻ ഓഫീസർ